V റിപ്പോർട്ട് സമർപ്പണം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സ്ത്രീകളുടെയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

10A.M]

VI വ്യക്തിപരമായ വിശദീകരണം

Mr. Speaker : Kodiyeri,.. what is your personal explanation ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇന്നലെ റവന്യൂ വകുപ്പിന്റെ ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂവും നിയമവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സ്ഥലംമാറ്റങ്ങളിൽ പ്രതിപക്ഷത്തുനിന്നുമുള്ള മെമ്പർമാരുടെ റെക്കമെന്റേഷനുമുണ്ട് എന്നു പറഞ്ഞുകൊണ്ട് എന്റേയും പേര് പരാമർശിക്കുകയുണ്ടായി. ഇവിടെ ഞങ്ങൾക്ക് ധാരാളം പരാതികൾ കിട്ടാറുണ്ട്. ആ കിട്ടുന്ന പരാതികൾ മന്ത്രിമാർക്ക് ഫോർവേഡ് ചെയ്യാറുണ്ട്. എനിക്കു കിട്ടിയ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ഞാൻ ഇങ്ങനെ ഒരു പരാതി കിട്ടിയിട്ടുണ്ട് ഇത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് കവറിംഗ് ലറ്ററോടുകൂടി കൊടുത്തയച്ചു. നമ്മുടെ സംസ്ഥാനത്ത് മന്ത്രിമാർക്ക് കൊടുക്കുന്ന ഇത്തരം കാര്യങ്ങൾ ആയിരക്കണക്കിന് സ്ഥലംമാറ്റങ്ങളെ സംബന്ധിച്ചുള്ള പരാതിക്ക് മറുപടി പറയാൻ വേണ്ടി ഞാൻ കൊടുത്തിട്ടുള്ള ഈ പരാതി ഉപയോഗിച്ചത് പത്രത്തിൽ അച്ചടിച്ചു വന്നപ്പോൾ ഈ സ്ഥലം മാറ്റങ്ങളൊക്കെ നടക്കുന്നതിൽ ഞങ്ങളുംകൂടി ഭാഗഭാക്കുകളാണെന്നുള്ള ധ്വനി വന്നിട്ടുണ്ട്. അത് എന്നെ സംബന്ധിച്ച് മോശമായ ഒരു സ്ഥിതി വന്നിട്ടുണ്ട്. ശ്രീ. കെ. എം. മാണി ഒരു ജന്റിൽമാനാണ് എന്നുള്ള നിലയിൽ ഞാൻ ആ പരാതി തന്നുപോയതാണ്. മാത്രമല്ല കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം കൊടുത്തിട്ടുമില്ല. അത് കൊടുത്തുവെന്ന് പറഞ്ഞ് തെറ്റിദ്ധരിപ്പിക്കത്തക്കതരത്തിലുള്ള പ്രസ്താവന നടത്തിയതിൽ പ്രതിഷേധമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നടത്തിയ ആയിരക്കണക്കിന് സ്ഥലം മാറ്റവും ഞാൻ കൊടുത്ത കത്തുംകൂടി വച്ച് ഒരു അന്വേഷണത്തിന് തയ്യാറുണ്ടോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഞാൻ വിചാരിച്ചത് സ്പോർട്സ്മാൻ സ്പിരിറ്റ് ശ്രീ. കോടിയേരി ബാലകൃഷ്ണന് ഉണ്ടെന്നാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ സ്പോർട്ട്സ്മാൻ സ്പിരിറ്റോടുകൂടി എന്റെ പരാമർശം കാണാത്തതിൽ എനിക്ക് വിഷമമുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ തെറ്റുചെയ്തുവെന്നല്ല ഞാൻ പറഞ്ഞത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അപ്രസക്തമായി എന്തെങ്കിലും ചെയ്തുവെന്നുമല്ല. ഞാൻ പറഞ്ഞത് സിമ്പതറ്റിക് കേസുകളുണ്ടാകാം, അങ്ങനെയുള്ള സിമ്പതറ്റിക് കേസുകൾ പ്രതിപക്ഷനേതാക്കന്മാരിൽനിന്നുപോലും എനിക്ക് കിട്ടിയിട്ടുണ്ട്. ഞാൻ അതിൽ ഓർഡറുമിട്ടിട്ടുണ്ട്. ഇതാണ് ഞാൻ പറഞ്ഞത്. അതിൽ തെറ്റൊന്നുമില്ല. അതുകൊണ്ട് സ്പോർട്ട്സ്മാൻ സ്പിരിറ്റുള്ള ഒരാളാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നാണ് ഞാൻ വിചാരിച്ചത്, എന്റെ പരാമർശത്തിൽ ദുരുദ്ദേശമൊന്നുമില്ല.

Mr. Speaker : Same answer is applicable to you also.

ശ്രീ. ടി. കെ. ബാലൻ : The case is entirely different. ഇന്നലെ ബഹുമാനപ്പെട്ട റവന്യൂവും നിയമവും വകുപ്പുമന്ത്രി ഡിമാന്റ് ചർച്ചയ്ക്കുള്ള മറുപടിയിൽ രണ്ട് സ്പെഷ്യൽ ഓർഡർ കൊടുത്തിട്ടുള്ള അപേക്ഷകളെ സംബന്ധിച്ച് പറഞ്ഞു. അതിൽ ഒന്ന് എന്നെപ്പറ്റിയാണ്. ആ അപേക്ഷയുടെ കാര്യങ്ങൾ എന്താണെന്നുള്ളത് അദ്ദേഹം വെളിവാക്കാതെ ഒരു ആക്സിഡന്റ് പറ്റിയതാണെന്ന് പറയാനിടയായി. ഇടുക്കി ജില്ലയിൽ പ്രവർത്തിയെടുക്കുന്ന സത്യൻ എന്ന റവന്യൂ ഇൻസ്പെക്ടർ, അയാൾ കണ്ണൂർകാരനാണ്. അയാളുടെ ഭാര്യ മാനന്തവാടി ആശുപത്രിയിലെ നഴ്സായിരുന്നു. അവർക്ക് അമേരിക്കയിലേയ്ക്ക് സെലക്ഷൻ കിട്ടി. അതിന്റെ ഇന്റർവ്യൂവിന് രണ്ടുപേരും കൂടെ എറണാകുളത്തുപോയി. തൃശൂരിൽ വച്ച് ഒരു മരം കയറ്റിവന്ന ലോറി വന്ന് ബസിലിടിച്ച് ബസിനുള്ളിൽ കയറുകയും അവിടെ വച്ചുതന്നെ അവർ മരിക്കുകയും ചെയ്തു. സത്യന്റെ മടിയിൽ കിടന്നാണ് ആ സ്ത്രീ മരിച്ചത്. നാലും ആറും വയസ്സുള്ള കുട്ടികൾ അവർക്കുണ്ട്. ഞങ്ങൾ ആ വീട്ടിൽ പോയതാണ്. മാനസികമായി തളർന്ന ആ വ്യക്തിക്ക് കുട്ടികളെ നോക്കാൻ ഇടുക്കിയിൽ നിന്ന് കണ്ണൂർ ജില്ലയിൽ സ്ഥലംമാറ്റം കിട്ടിയാൽ തരക്കേടില്ല എന്നു പറഞ്ഞു. ഇന്ത്യൻ എക്സ്പ്രസിന്റേയും മലയാള മനോരമയുടെയും പത്ര കട്ടിംഗോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാനിത് പറഞ്ഞത്. അദ്ദേഹം അപ്പോൾ തന്നെ അത് ഓർഡറാക്കിയെന്നുള്ളത് ആശ്വാസകരമായ കാര്യമാണ്. ഇത്തരത്തിൽ ചെയ്തിട്ടുള്ള ഒരു കാര്യം day to day administration-ന്റെ ഭാഗമാണ്. അതിന്റെ തെറ്റും ശരിയും നിങ്ങൾ തീരുമാനിച്ചാൽ മതി. പക്ഷെ ഇത്ര പരിണതപ്രജ്ഞനായ മന്ത്രി, അദ്ദേഹത്തിന്റെ മേൽ ഒരു ആരോപണം വന്നപ്പോൾ അതിനെ നേരിടാൻ ഈ കച്ചിത്തുരുമ്പ് പിടിച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ബഹുമാനപ്പെട്ട ബാലൻ പറഞ്ഞത് ശരിയാണ്. ആ വാർത്ത ഞാൻ തന്നെ വായിച്ചു, ഇതാണ് ശരിയായ സിമ്പതറ്റിക് കേസ് എന്നു പറഞ്ഞുകൊണ്ട് നിങ്ങളുടെ പ്രവൃത്തിയെ മഹനീയമായി കാണുകയാണ് ചെയ്തത്. പക്ഷെ, പ്രതിപക്ഷത്തോട് ഒരു കാര്യം, പ്രതിപക്ഷം പുറകിലിരിക്കുന്ന നേതാക്കന്മാരെക്കൊണ്ട് റാക്കറ്റുണ്ടെന്നു പറഞ്ഞ് പ്രസംഗിപ്പിച്ചാൽ അതിനു മറുപടി പറഞ്ഞാൽ ദുഃഖിക്കരുത് എന്നു മാത്രമാണ് പറയാനുള്ളത്.

ശ്രീ. വി.എസ്. അച്യുതാനന്ദൻ : ശുപാർശ എന്നു പറയുന്നത് എം.എൽ.എ.മാർ അവർക്കു കിട്ടുന്ന അപേക്ഷകൾ ബഹുമാനപ്പെട്ട മന്ത്രിമാർക്ക് അയച്ചുകൊടുക്കുന്നു. ഫോർവേഡിംഗ് സ്വഭാവമുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്ക് വേർതിരിച്ചറിയാൻ കഴിയേണ്ടതല്ലേ. എന്തിനാണ് ഈ തരത്തിൽ ചെയ്യുന്നത് ? ആക്ഷേപങ്ങൾ വരുമ്പോൾ ആ ആക്ഷേപത്തെ ധീരമായി നേരിടണം. സത്യം തന്നെ പറഞ്ഞിട്ട് പറയാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ട്രാൻസ്ഫർ നടക്കും. എല്ലാവരും പറയും. അതൊരു കുറ്റമായിട്ട് ഇന്നലെ പറഞ്ഞില്ല.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : ശുപാർശ എന്നു പറഞ്ഞാൽ അത് നല്ല ഭാഷയല്ല.

VII പരാമർശം

നിയമസഭാ നടപടി രേഖകൾ അച്ചടിച്ചു നൽകുന്നതിലുള്ള കാലതാമസം സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ : ഇന്നലെ ഞാൻ അങ്ങേയ്ക്ക് എഴുതി തന്നതാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അത് അങ്ങ് അപ്പോൾ സമ്മതിക്കുകയും ചെയ്തതാണ്. സഭാനടപടികൾ അച്ചടിച്ചുവരുന്നതിലുള്ള കാലതാമസമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. നിയമസഭാചട്ടം 308(3) അനുസരിച്ച് നമ്മുടെ സഭാനടപടിക്രമങ്ങൾ പ്രസിദ്ധീകരിക്കാനുള്ള ചുമതല സെക്രട്ടറിക്കാണ്. ഇപ്പോൾ പത്തും പതിനഞ്ചും വർഷം കാലതാമസത്തോടുകൂടിയാണ് സഭാനടപടിക്രമങ്ങൾ അച്ചടിച്ചുവരുന്നത്.

മി. സ്പീക്കർ : എം.എൽ.എ.മാരുടെ മക്കൾ എം.എൽ.എ. ആകുമെങ്കിൽ അപ്പോഴാകും റിപ്പോർട്ട് കിട്ടുക. അല്ലാതെ എം.എൽ.എ.മാർക്ക് കിട്ടാറില്ല. അതാണ് സ്ഥിതി.

ശ്രീ. എം. വി. ജയരാജൻ : ഇപ്പോൾ നിയമസഭാരേഖകൾ പഠിച്ചു മനസ്സിലാക്കിക്കൊണ്ട് നിയമസഭാ പ്രവർത്തനം നടത്താൻ കഴിയാത്ത വിധത്തിലാണ് കാലതാമസം വരുന്നത്. പാർലമെന്റിൽ ഒരു എക്സ്പീരിയൻസുണ്ട്. ഇതിന്റെ ഡ്രാഫ്ട് റിപ്പോർട്ട് അതതുദിവസം തന്നെ വൈകുന്നേരം കൊടുക്കുക എന്നത്...

മി. സ്പീക്കർ : അങ്ങനെ ഒരു ഏർപ്പാടൊന്നും അവിടെയില്ല.

ശ്രീ. എം. വി. ജയരാജൻ : പത്തും പതിനഞ്ചും വർഷത്തെ കാലതാമസം ഒഴിവാക്കാൻ ഒഫീഷ്യൽ റിപ്പോർട്ടുകൾ കഴിയുന്നതും വേഗത്തിൽ അച്ചടിച്ച് അംഗങ്ങൾക്ക് നൽകാനും അതനുസരിച്ച് നിയമസഭാപ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനും കഴിയുംവിധത്തിൽ ഒരു സംവിധാനം അങ്ങ് ഏർപ്പെടുത്തണമെന്നുള്ളതാണ് ഈ സബ്മിഷൻ വഴി അങ്ങയുടെ ശ്രദ്ധയിൽപെടുത്തുന്നത്.

Mr. Speaker : You are correct . ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. പ്രൊസീഡിംഗ്സ് പ്രിന്റ് ചെയ്ത് വരുന്നത് പത്തും പതിനഞ്ചും വർഷം കഴിഞ്ഞാണ്. ഈ ഹൗസിൽതന്നെ ദൈനംദിന കാര്യങ്ങൾ പലതും ഇപ്പോഴത്തെ മോഡേൺ ഫെസിലിറ്റി ഉപയോഗിച്ച് ഇവിടെത്തന്നെ അച്ചടിക്കുകയാണ് ഇപ്പോൾ. പ്രസ്സില്ല, പക്ഷെ, ഇപ്പോഴത്തെ പുതിയ എക്വിപ്മെന്റ് സിന്റെ സഹായത്തോടുകൂടി ഇവിടെത്തന്നെ പലതും അച്ചടിക്കുകയാണ്. അതുകൊണ്ട് ഇവിടെ പ്രസ്സ്

LIBRARY ARCHIVES Kerala Legislative Assembly